(ഡി) സ്റ്റാഫ് പാറ്റേൺ പരിഷ്ക്കരണ കമ്മിറ്റികളുടെ ശുപാർശകൾ സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു. ഇത് സംബന്ധിച്ച ഉത്തരവ് താമസംവിനാ പുറപ്പെടുവിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

എസ്.സി.ഇ.ആർ.ടി. -യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ ക്രമക്കേടുകൾ

17 (*397) ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. രാജുഎബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.സി.ഇ.ആർ.ടി. യുടെ കീഴിലുള്ള ഓപ്പൺ സ്കൂൾ നടത്തിപ്പിലെ പാകപ്പിഴകളും ക്രമക്കേടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) എസ്.സി.ഇ.ആർ.ടി. യുടെ കീഴിൽ പ്രവർത്തിക്കുന്ന കേരളാ സ്റ്റേറ്റ് ഓപ്പൺ സ്കൂളിന്റെ പ്ലസ് വൺ പരീക്ഷാ നടത്തിപ്പിൽ ചില പാകപ്പിഴകൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഓപ്പൺ സ്കൂളിന്റെ ജില്ലാ ഓഫീസ് ഭാരവാഹികളുമായി ബന്ധപ്പെട്ട് ഇത്തരം പാകപ്പിഴകൾ ആവർത്തിക്കാതിരിക്കാൻവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എൻജിനീയറിംഗ് കോളേജ് പ്രവേശനത്തിനുള്ള കൗൺസിലിംഗ്

18 (*398) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. ജോർജ് ജെ. മാത്യു :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻജിനീയറിംഗ് പ്രവേശനത്തിനുള്ള ഈ വർഷത്തെ കൗൺസിലിംഗ് തുടങ്ങിയതെന്നാണ് ;

(ബി) പ്രസ്തുത തീയതിയിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് മാനേജ്മെന്റ് സീറ്റുകളിൽ വാർഷിക ഫീസ് എത്രയാണ് നിശ്ചയിച്ചിരുന്നത്, പിന്നീട് ഫീസ് എത്രയായി കുറച്ചു ;

(സി) ഉയർന്ന ഫീസ് നിർണ്ണയിച്ചതുമൂലം സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ മെരിറ്റ് സീറ്റുകളിലേക്കുള്ള കൗൺസിലിംഗിൽ ആരെങ്കിലും പങ്കെടുക്കാതിരുന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ ഇപ്രകാരം കൗൺസിലിംഗിന്

LIBRARY ARCHIVES Kerala Legislative Assembly

വരാതിരുന്നവർക്ക് ഫീസ് കുറച്ചതിനെത്തുടർന്ന് അഡ്മിഷൻ ലഭിക്കാൻ ആഗ്രഹമുണ്ടെങ്കിൽ ഒരു ചാൻസ്കൂടി നൽകി റീ കൗൺസിലിംഗ് നടത്താൻ നടപടിയെടുക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) :

(എ) 2003 ജൂൺ മാസം 9-ാം തീയതി.

(ബി) പ്രസ്തുത തീയതിയിലെ ഫീസ് വിവരം താഴെപ്പറയും പ്രകാരമാണ്.

വാർഷിക ട്യൂഷൻ ഫീസ്	36,000 രൂപ
അഡ്മിഷൻ ഫീസ്	150 രൂപ
സ്പെഷ്യൽ ഫീസ്	1000 രൂപ
കാഷൻ ഡെപ്പോസിറ്റ്	5000 രൂപ (തിരിച്ചു നൽകുന്നത്)

കൂടാതെ, യൂണിവേഴ്സിറ്റികൾ നിശ്ചയിക്കുന്ന യൂണിവേഴ്സിറ്റി ഫീസ് ഉണ്ടായിരിക്കും. മാനേജ്മെന്റ് സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളിൽ നിന്നും പലിശരഹിതവും തിരികെ നൽകുന്ന നിക്ഷേപവുമായി ഒരു ലക്ഷത്തിൽ കവിയാത്ത തുക വാങ്ങുന്നതിന് മാനേജ്മെന്റുകൾക്ക് അനുമതി നൽകിയിട്ടുണ്ട്. പലിശരഹിത നിക്ഷേപം വാങ്ങാതിരിക്കുവാനും മാനേജ്മെന്റുകൾക്ക് തീരുമാനം എടുക്കാവുന്നതാണ്. പിന്നീട് 19-6-2003-ലെ സർക്കാർ ഉത്തരവ് ജി.ഒ. (സാധാരണ) നമ്പർ 869/03/ഉവിവ. പ്രകാരം വാർഷിക കുടുംബ വരുമാനം 60,000 രൂപയിൽ കുറവുള്ള സ്വാശ്രയ കോളേജുകളിൽ സർക്കാർ സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് വാർഷിക ഫീസ് 36,000 രൂപയിൽ നിന്നും 18,000 രൂപയായി കുറയ്ക്കുകയുണ്ടായി.

(സി) ഉണ്ട്. മൂന്ന് പരാതികളാണ് ഇക്കാര്യം പറഞ്ഞ് ലഭിച്ചിട്ടുള്ളത്. ആദ്യം പ്രഖ്യാപിച്ച ഫീസ് നിരക്കിന്റെ അടിസ്ഥാനത്തിൽ സീറ്റ് എടുക്കാത്ത വർക്ക് ഒരു അവസരം കൂടി നൽകുന്നകാര്യം പരിഗണനയിലാണ്.

പ്രകൃതിക്ഷോഭ ദുരിതനിവാരണ പദ്ധതികൾ

19 (*399) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭ ദുരിത നിവാരണ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly